I/28483/2022

ഭരണഭാഷ – മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 25-11-2022

നം.1871/2022/F2-Try

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി സേവിങ്സ് ബാങ്ക്-ജോയിന്റ് അക്കൗണ്ട് (E/S) ഉടമകൾക്ക് tsbonline സൗകര്യം ലഭ്യമാക്കുന്നത്-സംബന്ധിച്ച്.

വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ട്രഷറി സേവിങ്സ് ബാങ്ക് ജോയിന്റ് (E/S) അക്കൗണ്ട് ഉടമകൾക്ക് tsbonline transaction നടത്തുവാനുള്ള സൗകര്യം പുനഃസ്ഥാപിച്ചുവെങ്കിലും നേരത്തെ ടി സൗകര്യം ലഭിച്ചിരുന്ന ചില അക്കൗണ്ട് ഉടമകൾക്ക് നിലവിൽ tsbonline ആപ്ലിക്കേഷൻ മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്യുവാൻ സാധിക്കുന്നില്ലായെന്നുള്ള പരാതി ലഭിക്കുകയുണ്ടായി. പ്രസ്തുത വിഷയം പരിശോധിച്ചതിൽ നിന്നും ടി അക്കൗണ്ടുകളുടെ സ്റ്റാറ്റസ് "Normal" എന്ന് സിസ്റ്റത്തിൽ ചേർക്കാത്തതിനാലും Drawing Mode "E/S" എന്ന് രേഖപ്പെടുത്താത്തതിനാലുമാണ് ഫണ്ട് ട്രാൻസ്ഫർ ചെയ്യുവാൻ കഴിയാതെ വന്നത്. അതിനാൽ tsbonline-ൽ ലോഗിൻ ചെയ്തശേഷം ഫണ്ട് ട്രാൻസ്ഫർ ചെയ്യുവാൻ സാധിക്കുന്നില്ലായെന്നുള്ള പരാതി ലഭിക്കുകയാണെങ്കിൽ പ്രസ്തുത അക്കൗണ്ടിന്റെ മാസ്റ്റർ പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരം ട്രഷറി തലത്തിൽ തന്നെ പരിഹാരം കാണേണ്ടതാണ്.

കൂടാതെ, tsbonline ആപ്ലിക്കേഷനിൽ login credentials ലഭിച്ചിട്ടില്ലാത്ത (രജിസ്റ്റർ ചെയ്തിട്ടില്ലാത്ത) ജോയിന്റ് (E/S) അക്കൗണ്ട് ഉടമ ടി ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യുമ്പോൾ Primary Account holder-ക്കും Secondary Account holder-ക്കും OTP ലഭിക്കുന്നതാണ്. Secondary Account holder തനിക്ക് ലഭിച്ച "OTP" Primary Account holder-ക്ക് നൽകുകയും ആയത് നൽകി രജിസ്റ്റർ ചെയ്യുമ്പോൾ tsbonline ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യുവാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുന്നതുമാണ് എന്ന വിവരം അക്കൗണ്ട് ഉടമകളെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

I/28483/2022

Signed by
V Sajan
Date: 25-11-2022 12:01:54

V SAJAN
DIRECTOR

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna buildings, Thycaud.P.O,
Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email: keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229